നം കെഎസ്എ.കെടിഎം.പി.13-1739/2016 തീയതി - 12.11.2016

## കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.10.16മുതൽ 04.11.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലേഖ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത്.എം | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ.പി.ബി. | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഡയസ്സ് മാത്യു. | 1.4.15 മുതൽ 30.10.15 വരെ |
| | ശ്രീമതി.ജോളി ഡോമിനിക് | 1.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ. ഷാജൻ.പി.അഹസ് | 1.4.15 മുതൽ 19.4.15 വരെ |
| | ശ്രീ.പി.റ്റി.ചെല്ലപ്പൻ (സെക്രട്ടറി ഇൻ ചാർജ്) | 20.4.15മുതൽ 22.7.15 വരെ |
| | ശ്രീ.ബൽജിത്ത് ജീവൻ.കെ.എസ്. | 23.7.15 മുതൽ30.1.16 വരെ |
| | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ അസിസ്റ്റന്റ് സെക്രട്ടറി,(സെക്രട്ടറിഇൻ ചാർജ്) | 1.2.16മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.റ്റി.ചെല്ലപ്പൻ | 1.4.15 മുതൽ 19.8.15 വരെ |
| | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ | 7.9.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | പ്രമോദ് ഗോപൻ .എൻ.ജി. | 1.4.15 മുതൽ 31.5.15 വരെ |
| | ശ്രീമതി. അന്നമ്മ ജോൺ | 16.6.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഹണി ലിസ | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ.അരുൺ.പി.സുരേന്ദ്രൻ | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.രാജി റോസ് ജേക്കബ് | 1.4.15 മുതൽ 8.1.16 വരെ |
| | ശ്രീ.ജിജേഷ് കുമാർ | 08.01.16 മുതൽ 4.3.16 വരെ |
| | ശ്രീ.അരുൺ നായർ | 5.3.16 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.സോബാ മാത്യൂ | 1.4.15 മുതൽ 7.6.15 വരെ |
| | ശ്രീമതി.മറിയാമ്മ കെ.എ. | 8.6.15 മുതൽ 10.8.15 വരെ |
| | ശ്രീമതി.ഗീത | 11.8.15 മുതൽ 23.12.15 വരെ |
| | ശ്രീമതി.ബിന്ദു | 24.12.15 മുതൽ 31.3.16 വരെ |
| എം.ഒ.പി.എച്ച്.സി. | ഡോ.ആനി.എം.ജോസഫ്. | 1.4.15 മുതൽ 16.8.15 വരെയും,<br>5.10.15 മുതൽ 31.10.15വരെയും |
| | ഡോ.ബിനീത ഖാലിദ് | 17.8.15മുതൽ 1.10.15 വരെ |
| | ഡോ.രാജീവ് രാജേന്ദ്രൻ | 2.10.15മുതൽ 7.1.16 വരെ |
| | ഡോ.മുഹമ്മദ് ആസിഫ്.റ്റി.എച്ച് | 8.1.16 മുതൽ 31.3.16 വരെ |
| എച്ച്.എം. | ശ്രീ.രാജീവ് കുമാർ. ആർ | 1.4.15 മുതൽ 31.3.16 വരെ |
| എം.ഒ.ആയുർവേദം | ഡോ.ജ്യോതി. എസ്. | 1.4.15 മുതൽ 31.3.16 വരെ |
| എം.ഒ.ഹോമിയോ | ഡോ.റോയി മാത്യു. | 1.4.15 മുതൽ 11.5.15 വരെ |
| | ഡോ.സജി ബാബു | 13.5.15 മുതൽ 24.6.15 വരെ |
| | ഡോ.അരുൺ രാജ്.കെ. | 25.6.15 മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| ഭാഗം **1**--പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |

| | |
|---|---|
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം **2**--വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തു നികുതി |
| 2-3 | മൊബൈൽ ടവറുകളുടെ നികുതി ഈടാക്കാത്തത് |
| 2-4 | വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളെ പലതായി വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം |
| 2-5 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 2-6 | അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 2-7 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-8 | ഡി&ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 2-9 | മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായിഈടാക്കിയത് സംബന്ധിച്ച് |
| 2-10 | വാടക ഈടാക്കുന്നില്ല |
| 2-11 | പരസ്യ നികുതി ഏർപ്പെടുത്തിയിട്ടില്ല. |
| ഭാഗം-3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തനത് ഫണ്ടിന്റെ ലഭ്യതയേക്കാൾ അധികംതുക പ്രോജക്ടുകൾക്ക് വകയിരുത്തുന്നു |
| 3-2 | മെറിട്ടോറിയസ്സ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ധനസഹായം നൽകിയിരിക്കുന്നു |
| 3-3 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം നാളിതുവരെ പൂരണ്ണമായും വിതരണം ചെയ്തില്ല |

| | |
|---|---|
| 3-4 | പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കൽ -വീഡിയോ-ഡോക്യുമെന്റേഷൻ വിശദാംശങ്ങൾ ലഭ്യമല്ല |
| 3-5 | തൊഴിലുറപ്പ് പദ്ധതി അവലോകനം |
| 3-6 | കമ്പോളവിലയിൽ അധികരിച്ച് ടാറിന് വില നൽകി |
| 3-7 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക--വിനിയോഗ സാക്ഷ്യപത്രമില്ല |
| ഭാഗം **4--**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4.1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4.2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4.3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4.4 | വായ്പ/വായ്പ തിരിച്ചടവ് |
| 4.5 | സ്ഥിര നിക്ഷേപങ്ങൾ |
| 4.6 | ഓഡിറ്റ് റിക്കവറി |
| 4.7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4.8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം-3 | ഇൻകം-ആന്റ് എക്സ്പെൻഡീച്ചർ |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക |


## ഭാഗം **1**

## പൊതു അവലോകനം

### **1-1.** ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 28.03.2015 തിയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### **1-2** വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 27.6.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17103013

വരവ് - 70540217

ആകെ - 87643230

ചെലവ് - 82999113

നീക്കിയിരിപ്പ്- 4644117

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3180082 | 11640885 | 14820967 | 13432643 | 1388324 | 91 |
| വികസനഫണ്ട് എസ്.സി.പി. | 1524256 | 2636000 | 4160256 | 3030707 | 1129549 | 73 |
| വികസനഫണ്ട് ടി.എസ്.പി. | 890227 | 1245000 | 2135227 | 1011141 | 1124086 | 47.3 |
| സംരക്ഷണഗ്രാന്റ് റോഡ് | 549090 | 11561000 | 12110090 | 11297243 | 812847 | 93.2 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 274169 | 3728000 | 4002169 | 2496312 | 1505857 | 62.3 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 723728 | 4792113 | 5515841 | 4953922 | 561919 | 90 |
| പെർഫോമൻസ് ഗ്രാന്റ് | 3833000 | 0 | 3833000 | 2584944 | 1248056 | 67.4 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 251834 | 251834 | 251477 | 357 | 99.9 |
| ബി ഫണ്ട് | 0 | 71737 | 71737 | 71737 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 81678042 | 161 | 48264453 | 12 | 83 | 63 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.2 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5367769 | 4791788 | 575981 | (-)11 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 682235 | 700606 | 18371 | (+)2.7 |
| ആകെ | 6050004 | 5492394 | 557610 | (-)9.2 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66960 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 1539960 | 225 |
| വിധവാപെൻഷൻ | 5537080 | 635 |
| വാർദ്ധക്യകാലപെൻഷൻ | 7153680 | 1339 |
| വികലാംഗപെൻഷൻ | 2621030 | 269 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 279160 | 30 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-11-16ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3441/രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമല്ല. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. വിവിധ തനത് വരുമാനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ യഥാവധി തയ്യാറാക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിൽ വിവിധ തനത് വരവിനങ്ങളുടേതായി ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട വസ്തുനികുതി നാളിതുവരെയും ഈടാക്കിയിട്ടില്ല. മാത്രമല്ല ഒരു ദേശീയപാതയും സംസ്ഥാനപാതയും കടന്നുപോകുന്ന പഞ്ചായത്തിൽ നിരവധി പരസ്യങ്ങൾ കാണുന്നുണ്ടെങ്കിലും പരസ്യനികുതി ഏർപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-9-16 | 8/2016 | 27-9-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-5- 2009 മുതൽ 21-5-09 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/11/84/412/72 Dt.19.6.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വർഷത്തെ വാർഷികകണക്കുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.വിവിധ വരവിനങ്ങളുടെ ഡിമാൻഡ്/കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ തനത് വരവിനങ്ങളുടെ കൃത്യത വ്യക്തമല്ല.

## 2-2 വസ്തു നികുതി

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 12158 കെട്ടിടങ്ങളിൽ 12097കെട്ടിടങ്ങളുടെ ഫോറം എൻട്രി പൂർത്തീകരിച്ചിട്ടുണ്ട് എന്നും 61കെട്ടിടങ്ങളുടെ ഫോറം എൻട്രി ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്നു എന്നുമാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിച്ചത്. എന്നാൽ പ്രസ്തുത വിശദീകരണം വസ്തുതകൾക്ക് നിരക്കുന്നതല്ല. 2015- 16 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഫോറം എൻട്രി നാളിതുവരെ നടത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ ഡാറ്റാഎൻട്രി പോലും പൂർത്തീകരിക്കുന്നതിന് മുൻപ് വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതുന്നത് അവസാനിപ്പിച്ചു. തൻമൂലം കുടിശ്ശികയുടെ യഥാർത്ഥ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന് അയഥാർത്ഥമായ കണക്കുകൾ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. നികുതി ഡിമാന്റ് വിവരങ്ങൾ ഒന്നും തയ്യാറാക്കാതെ ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി ഡി.സി.ബി. തയ്യാറാക്കിയ നടപടി അശാസ്ത്രീയമാണ്. വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ തുടർ വർഷങ്ങളിലും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാകാനിടയുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തുകയോ, ക്യാമ്പ് കളക്ഷൻ നടത്തുകയോ ചെയ്യുന്നില്ല. വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും യഥാവിധി തയ്യാറാക്കി സൂക്ഷിക്കുന്നതിനും, ആയത് സംബന്ധിച്ച് നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ടെലഫോൺ ടവറുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി രജിസ്റ്ററുകളിലോ, സഞ്ചയ സോഫ്റ്റ് വെയറിലോ ചേർത്തിട്ടില്ല. മേൽ വിഷയം മുൻ റിപ്പോർട്ടുകളിൽ ആവർത്തിച്ച് പരാമർശിച്ചിട്ടും ടവറുകൾ സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2011 മുതൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതുക്കിയ നിരക്കിൽ (ച.മീറ്ററിന് 500/രൂപ) നിർണ്ണയം നടത്തി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ രേഖകളിൽ നിന്നും ടവറുകൾ സംബന്ധിച്ച യാതൊരു വിവരങ്ങളും ലഭ്യമല്ല. ഈ സാഹചര്യത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്തിൽ നൽകിയ വിവരങ്ങൾ പ്രകാരം വിവിധ വാർഡുകളിലായി 16 മൊബൈൽ ടവറുകൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. 2011 മുതൽ ച.മീറ്ററിന് 500/രൂപനിരക്കിൽ മേൽ പ്രസ്താവിച്ച 16 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രദേശത്ത് പ്രവർത്തിക്കുന്ന ടെലഫോൺ ടവറുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ടവറുകളുടെയും വിവരങ്ങൾ സമാഹരിച്ച് രജിസ്റ്റർ തയ്യാറാക്കി അനധികൃതമായി പ്രവർത്തിക്കുന്ന ടവറുടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് നികുതി കുടിശിക സഹിതം ഈടാക്കാത്ത പക്ഷം നഷ്ടം കണക്കാക്കി ആയത് സെക്ഷൻ ക്ലാർക്കിന്റെയും, സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. നികുതി പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകുന്ന അലംഭാവം പരിഹരിക്കുന്നതിനും, തനതു വരുമാനം വളരെ കുറവായ ഗ്രാമ പഞ്ചായത്തിൽ വരുമാനവർദ്ധനവിന് കാരണമാകാവുന്ന ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനും ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം-പല ഭാഗങ്ങളായി നികുതി നിർണയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 3(5)അനുശാസിക്കുന്നത് ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റിയുടെ 29-10-11-ലെ ഒന്നാം നമ്പർ തീരുമാനം) എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 45/രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ വിവരം | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | 100ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് | നികുതി നിർണ്ണയം നടത്തിയ നിരക്ക് | നിർണ്ണയിച്ച നികുതി | 60രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| X1 | 514B, C, D | ജോസഫ് കുറ്റപ്പള്ളിൽ | 249.98 | 60 | 45 | 11251 | 14999 | 3748 |
| V | 31A, B, C | മോഹനൻ.എ.വി.ആലയ്ക്കലാത്ത് | 147.18 | 60 | 45 | 6625 | 8830.8 | 2206 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| XV | 111B | സാജുതോമസ്& സിജോതോമസ്, മംഗലത്ത് കരോട്ട് | 261.08 | 60 | 50 | 13054 | 15708 | 2654 |
| | ആകെ | | | | | | | 8608 |

ഇപ്രകാരം നികുതി നിർണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-4ന് മറുപടി ലഭ്യമാക്കിയില്ല. കുറവ് തുക ബന്ധപ്പെട്ട കെട്ടിട ഉടമസ്ഥരിൽ നിന്നോ, അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

പ്രാഥമികാരോഗ്യ കേന്ദ്രം പാറത്തോട് എന്ന സ്ഥാപനത്തിലെ പി.റ്റി.എസ്. രസീതാ.പി.എസ് ന്റെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | മറ്റ് അലവൻസുകൾ | ആകെ | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 32760 | 26208 | 3500 | 62468 | 450 | 600 | 150 |

150/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പാറത്തോട് ഗ്രാമപഞ്ചായത്തിലെ അംഗീകൃത കരാറുകാരിൽ നിന്നും കാലങ്ങളായി തൊഴിൽ നികുതി ഈടാക്കി വരുന്നില്ല. 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3(എ) ഇതു സംബന്ധിച്ച് പരാമർശം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 2015-16 വർഷം കരാർ പ്രവർത്തിയിലേർപ്പെട്ട അംഗീകൃത കരാറുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1.ജോർജ് ജോസഫ് നെല്ലാമടം , കൂവപ്പള്ളി

2.റെജി ജോസഫ്, മുട്ടത്തുങ്കൽ

3.എം.ജി.അജേഷ് കുമാർ മംഗലത്ത്, പാലപ്പറ

4 .സെബാൻ ഏബ്രഹാം, കല്ലറക്കൽ

5.ജാൻസൺ ഐസക്, പന്തലാനിക്കൽ, കൂവപ്പള്ളി

6. സിജോ മാത്യു , കെച്ചപുരക്കൽ, പറത്താനം

7. ജോഷി തോമസ് , അമ്പാട്ട്, പൂവരണി.

8.ജോമി ജോസഫ്, പന്തലാനിക്കൽ

സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കള്ളു ഷാപ്പുകൾ, ക്ഷീരോല്പാദക സംഘങ്ങൾ, റബ്ബർ ഉല്പാദക സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി&ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച അപാകതകൾ

2015-16 സാമ്പത്തിക വർഷം 281 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു.1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരമല്ല ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ ഭൂരിപക്ഷം അപേക്ഷകളിലും അവശ്യം ഉണ്ടായിരിക്കേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കുന്ന അപേക്ഷകളിൽ പോലും നാമമാത്രമായ (100, 200രൂപ) നിരക്കിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. തൻമൂലം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ചേർക്കുന്നില്ല. മറ്റ് സർക്കാർ വകുപ്പുകളിൽ (മലിനീകരണ നിയന്ത്രണ ബോർഡ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് മുതലായവ) നിന്നും അംഗീകാരം നേടി പ്രവർത്തിക്കേണ്ട പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഇത്തരം അനുമതിപത്രങ്ങൾ ഉള്ളടക്കം ചെയ്തിട്ടില്ല.ഇതുമൂലം സ്ഥാപനത്തിന് തൻവർഷം വിവിധ വകുപ്പുകളുടെ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. സ്ഥാപനത്തെ സംബന്ധിക്കുന്ന പ്രസക്തമായ പല വിവരങ്ങളും ഇത്തരം സർട്ടിഫിക്കറ്റുകളിൽനിന്നും ലഭ്യമാണെന്നിരിക്കെ അനുമതിപത്രങ്ങളുടെ അഭാവം മൂലം

പരിശോധനകൾക്ക് പ്രയാസം നേരിടുന്നു. 2014-15സാമ്പത്തിക വർഷം മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് ഇനത്തിൽ 3000/ രൂപ ഒടുക്കിയ (രസീത് നമ്പർ 11402100475/15-5-14)മെറ്റൽ ക്രഷർ യൂണിറ്റ് 2015-16വർഷം 2000/രൂപ മാത്രമാണ് മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് ഇനത്തിൽ ഒടുക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബർ ഉൽപാദക സംഘങ്ങൾ എന്നിവയൊന്നും നാളിതുവരെ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല.ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 26-ാം മൈലിൽ പ്രവർത്തിക്കുന്ന കൈരളി ഫോർഡ് കമ്പനിയുടെ കാർ വിപണനഷോറൂം ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് പുതുക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ അപാകതകൾ കണ്ടെത്തി അപേക്ഷ മടക്കുന്ന സംഗതികളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. സ്ഥാപനങ്ങൾ അപാകത പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നില്ല. ഇത്തരം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി അനുമാനിക്കാവുന്നതാണ്. ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ എഴുതി പൂർത്തിയാക്കി ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ഡി.സി.ബി തയ്യാറാക്കാതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയത്. ലൈസൻസ് അപേക്ഷകൾ രജിസ്റ്ററിലെ ക്രമത്തിൽ നമ്പരിട്ട് സൂക്ഷിക്കാതെയാണ് പരിശോധനയ്ക്ക് ലഭിച്ചത്. തന്മൂലം ആയത് യഥാവിധി പരിശോധിക്കുന്നതിന് സാധിച്ചില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും, ഈ ഇനത്തിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം ഡി& ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ യന്ത്രസാമിഗ്രകൾ ഉപയോഗിക്കുന്നതിന്റെ (എച്ച്. പി) അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/ വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം കുതിരശക്തി | ഈടാക്കിയ ഫീസ് | രസീത് നമ്പർ | അനുബന്ധ രേഖകൾ പ്രകാരം കുതിരശക്തി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | പി.ജെ. ചാക്കോ, പുതുപ്പറമ്പിൽ, പാറമട മെറ്റൽ ക്രഷർ | 570 | 5700 | 11502102206/14.7.15 | 560 HP+ 320Kva | 7745 | 2045 |
| | ആകെ | | | | | | 2045 |

മേൽ അപാകതയ്ക്ക് വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-2ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-10 വാടക ഈടാക്കുന്നില്ല

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 12 മുറികളാണ് നിലവിലുള്ളത്. ടി മുറികളിൽ മൂന്ന് മുറികളിൽ നിന്നും മാത്രമാണ് പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നത്. കെ.എസ്.ഇ.ബി യുടെ ഓഫീസ് പ്രവർത്തിക്കുന്നത് മൂന്ന് മുറികളിലായാണ്. ഇവരിൽ നിന്നും നാളിതുവരെയും വാടക ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് പഞ്ചായത്ത് കത്ത് നൽകിയിരുന്നുവെങ്കിലും കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല. കെ.എസ്.ഇ.ബി.യുമായി എഗ്രിമെന്റ് വച്ച് വാടക ഈടാക്കേണ്ടതാണ്.

## 2-11 പരസ്യ നികുതി ഏർപ്പെടുത്തിയിട്ടില്ല.

പറത്തോട് ഗ്രാമ പഞ്ചായത്ത് പരസ്യ നികുതി ഈടാക്കുന്നതായി കാണുന്നില്ല.കൊല്ലം -തേനി ദേശീയ പാത,ശബരിമല സംസ്ഥാന പാത തുടങ്ങിയ സുപ്രധാന പാതകൾ പാറത്തോട് പഞ്ചായത്തിലൂടെ കടന്നു പോകുന്നു.വളരെയധികം തിരക്കേറിയ ടി പാതകളുടെ ഇരു വശത്തുമായി നിരവധി പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.പാറത്തോട് ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം മേൽ റോഡുകളുടെ സാമിപ്യം പരസ്യ നികുതി ഇനത്തിൽ വരുമാനം നേടികൊടുക്കുന്നതിന് സഹായകമാണ്. തനതു വരുമാനം കുറവായ ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിലുള്ള വരുമാനം മുതൽക്കൂട്ടാവുന്നതാണ്. പരസ്യ നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ടിന്റെ ലഭ്യതയേക്കാൾ അധികം തുക പ്രൊജക്ടുകൾക്ക് വകയിരുത്തുന്നു.

സ.ഉ.(എം.എസ്)നം 362/13/ തീയതി.16-11-13 പ്രകാരം പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കും അടിയന്തിര പ്രവൃത്തികൾക്കും പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചതിനുശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി വക കൊള്ളിക്കേണ്ടത്.മുൻ സാമ്പത്തിക വർഷം പദ്ധതിക്കു വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ, അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പഞ്ചായത്തിന്റെ ഓഡിറ്റ് ചുമതലയുള്ള പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്. 2014-15സാമ്പത്തിക വർഷം തനതുഫണ്ടിൽ മിച്ചമുണ്ടായിരുന്ന തുക 2353910/-രൂപയാണ്. എന്നാൽ 2015-16വർഷം പ്രൊജക്ടുകൾക്ക് വേണ്ടി തനതുഫണ്ടിൽ നിന്നുള്ള വകയിരുത്തൽ 26602163 /-രൂപയും, ചെലവ് 5697006/-രൂപയുമാണ്. 2015-16 വർഷത്തെ മരാമത്ത് പണികൾ നടത്തിയതിന്റെ പ്രതിഫലം ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം നാളിതുവരെ നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തനത്ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 <u>മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ഗുണഭോകൃത ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകിയിരിക്കുന്നു.</u>

പ്രോജക്ട് നം.S0036/16

വികസന ഫണ്ട് -100,000 ചെലവ് -100,000

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഗുണഭോകൃത ലിസ്റ്റിൽ ഉൾപ്പെടാത്തയാളുകൾക്ക് ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| അഞ്ജു മോഹൻ,<br>കുളക്കുറ്റിയിൽ, പഴൂത്തടം, പാറത്തോട് | 25000 (ഡി.ഡി.നം.228799 തീ.26.2.2016) |
| ദീപ .വി.കെ., പുതുപ്പറമ്പിൽ, ചിറ്റടി.പി.ഒ. | 25,000<br>ബിൽ നം.29/15-16 തീ.18.03.16 |

ക്രമ.നം.(1) ൽ പരാമർശിച്ചിരിക്കുന്ന അഞ്ജു മോഹൻ എന്ന വിദ്യാർത്ഥിയുടെ സഹോദരി അജിതാ മോഹൻ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും ധനസഹായം കൈപ്പറ്റിയിട്ടുള്ളതാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാളുകൾക്ക് ധനസഹായം നൽകിയതിനും, ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ മറ്റ് വിദ്യാർത്ഥികൾ ഉണ്ടായിരിക്കെ തന്നെ ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (നം.12) നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തയാളുകൾക്ക് ധനസഹായം നൽകിയതിനാൽ ചെലവഴിച്ച 50,000 രൂപ നിരാകരിക്കുന്നു.

## 3-3 <u>എസ്.സി.വിദ്യാർത്ഥികൾക്കുള്ള പഠനോപകരണം നാളിതുവരെ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.</u>

പ്രോജക്ട് നം.225/15-16 ,അടങ്കൽ (എസ്.സി.പി ) -148214 ,ചെലവ് -115170 രൂപ(ബിൽ നം.38/15-16 തീ.31.3.2016)

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഈ പ്രോജക്ട് പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻകാലായിൽ ട്രേഡ് ലിമിറ്റഡ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 30 മേശകളും 30 കസേരകളും വാങ്ങിയിട്ടുണ്ട്. ടി സാധനങ്ങളുടെ വിതരണ വിവരം പരിശോധിച്ചതിൽ നാളിതുവരെ 8 മേശകളും 8കസേരകളും വിതരണം ചെയ്യാതെ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. എസ്.സി.ഫണ്ടുപയോഗിച്ച് വാങ്ങിയ സാധനങ്ങൾ നാളിതുവരെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.12/15-16 നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. എസ്.സി.ഫണ്ടുപയോഗിച്ച് വാങ്ങിയ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിതരണം ചെയ്യാതെ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുന്ന 8 കസേരകളുടേയും, മേശകളുടേയും വിലയായ 30,712/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (2699x8+1140x8).

## 3-4 <u>പാറത്തോട് ഗ്രാമപഞ്ചായത്ത് സമഗ്ര ചരിത്രം തയ്യാറാക്കൽ -വീഡിയോ ഡോക്യുമെന്റേഷൻ വിശദാംശങ്ങൾ ലഭ്യമല്ല.</u>

പ്രോജക്ട് നം.S0097/16

വികസന ഫണ്ട് -65,000/- ചെലവ് -65000

കുടുംബശ്രീ സംസ്ഥാനമിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ ചരിത്രവും, വർത്തമാനവും, പദ്ധതികളും നിലവിലെ ഭരണസമിതികളുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65,000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ ഡി.ഡി. നൽകിയിട്ടുണ്ട്. (നം.229358 തീ.28.03.2016).ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. മേൽ പ്രോജക്ടിനായി ചെലവഴിച്ച 65000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തൊഴിലുറപ്പ് പദ്ധതി-അവലോകനം

ഗ്രാമ പഞ്ചായത്തിൽ 2679 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷം 882 പേർ തൊഴിലിനപേക്ഷിക്കുകയും 623 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ 42813 ആണ്. 145 തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്. തൻവർഷം 202 പദ്ധതികൾക്ക് അംഗീകാരം നേടുകയും 172 പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. 19 പദ്ധതികൾ സ്പിൽ ഓവർ ആവുകയും, 11 പദ്ധതികൾ ഉപേക്ഷിക്കുകയും ചെയ്തു. പദ്ധതികളുടെ മേഖലാ വിഭജനം ചുവടെ ചേർക്കുന്നു.

| മേഖല | പ്രോജക്ടുകളുടെ എണ്ണം |
|---|---|
| ജല സംഭരണം | 38 |
| പാരമ്പര്യ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 24 |
| ഭൂ വികസനം | 43 |
| ഗ്രാമീണ റോഡ് ശൃംഖല | 12 |
| വ്യക്തിഗത പദ്ധതി | 55 |

തൻവർഷത്തെ വരവ്,ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 0 | 5741188 | 5741188 | 5740130 | 1058 |

## 3-6 കമ്പോളവിലയിൽ അധികരിച്ച് ടാറിന് വില നൽകി

2015-16 വാർഷിക പദ്ധതി റോഡ് ടാറിംഗ് /അനുബന്ധ പ്രവൃത്തികൾ കരാറുകാർ, ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്തിട്ടുണ്ട്. 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും ഇതോടൊപ്പം കോസ്റ്റ് ഇൻഡക്സ് അനുവദനീയമായ വർദ്ധനവ് ചേർത്തുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമെറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾ ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| വി.ജി.-30 ഗ്രേഡ് ബിറ്റുമിൻ | 41000 രൂപ |
| വി.ജി.-10 ഗ്രേഡ് ബിറ്റുമിൻ | 50600 |
| കൺവേയൻസ് | 106.49 |
| കോസ്റ്റ് ഇൻഡക്സ് | 1.409 |

എന്നാൽ 2015-16 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വളരെ കുറഞ്ഞ നിലവാരത്തിൽ തുടർന്നിരുന്നതിനാൽ ബിറ്റുമിന്റെ കമ്പോള വിലയും വളരെ കുറവായിരുന്നു. കൺവീനർമാർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് കമ്പോള വിലയിൽ നിജപ്പെടുത്താതിരുന്നതിനാൽ ചുവടെ ചെർത്തിരിക്കുന്ന രീതിയിൽ ടാറിന് അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | ഉപയോഗിച്ച ടാർ | എസ്റ്റിമെറ്റ് പ്രകാരം നൽകിയ നിരക്ക് (വാട്ടർ ചാർജ്ജ് ഉൾപ്പെടെ) | നൽകാവുന്ന നിരക്ക് (ഇൻവോയ്സ് പ്രകാരം) | അധികം നൽകിയത് |
|---|---|---|---|---|
| പൊടിമറ്റം-മുക്കാലി റോഡ് അറ്റകുറ്റപ്പണി | 3789.594 കി.ഗ്രാം | 41.41 | 31.29 | 38350 |
| കുവപ്പള്ളി പെരുമ്പാറ റോഡ് റീ ടാറിംഗ് | 3675.36 | 41.41 | 33.54 | 28925 |

കമ്പോളവിലയിൽ നിജപ്പെടുത്താതെ ടാറിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് 13-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ഗുണഭോക്തൃ സമിതി മുഖേന നടത്തിയ റോഡ് നിർമ്മാണ പ്രർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ടാർ വാങ്ങി നൽകിയിരുന്നില്ലെന്നും ടാർ വാങ്ങി എത്തിക്കുന്നതിനുള്ള വാഹന വാടകയും, കയറ്റിറക്ക് കൂലിയും കൺവീനർമാർ തന്നെയാണ് വഹിച്ചിട്ടുള്ളതെന്നും ആകെ ചെലവുകൾ കണക്കാക്കുമ്പോൾ തുക വളരെ അധികരിക്കുമെന്നും അസി.എഞ്ചിനീയർ മറുപടി നൽകിയിരിക്കുന്നു. ടി വിഷയത്തിൽ കൂടുതൽ വിശദീകരണവും, മേൽ

തലങ്ങളിൽ നിന്നുള്ള സ്പഷ്ടീകരണവും ആവശ്യമാകയാൽ പരാമർശം നില നിൽക്കുന്നു. രേഖാമൂലമുള്ള തുടർ മറുപടികൾ ലഭ്യമാക്കേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക --വിനിയോഗ സാക്ഷ്യപത്രമില്ല

2015-16 സാമ്പത്തിക വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | നിർവ്വഹണഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം (തീയതി ലഭ്യമല്ല) | നിക്ഷേപിച്ച തുക |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | നാട്ടുകാണി കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ | 227191 | 8350 |
| 2 | '' | മുക്കാലി അങ്കണവാടി ഇലക്ട്രിഫിക്കേഷൻ | 227214 | 12685 |
| 3 | '' | ഊരയ്ക്കനാട് അങ്കണവാടി ഇലക്ട്രിഫിക്കേഷൻ | 288557 | 3650 |
| 4 | '' | വാക്കപ്പാറ എൽ.റ്റി.ലൈൻ ഷിഫ്റ്റിംഗ് | 229096 | 10000 |
| 5 | '' | നരിവേലി-വട്ടക്കുന്ന് റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് | 229125 | 24942 |
| 6 | '' | മാങ്ങാപ്പാറ ഭാഗത്തെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 229359 | 28067 |
| | | ആകെ | | 87694 |

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 87,694/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 18.3.16 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18.3.16 | 100000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18.3.16 | 300000 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ വിതരണം | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 22.3.16 | 187500 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 187500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 17-ാം വാർഡിൽ ഉടുമ്പതാംകുഴി വണ്ടൻപാറ റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നത് | 345727 | 4448 | 4448 | 0 |
| '' | നാട്ടുകാണി കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ | 227191 | 8350 | - | 8350 |
| '' | മുക്കാലി അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 227214 | 12685 | - | 12685 |
| | ഊരയ്ക്കനാട് അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 288557 | 3650 | - | 3650 |
| '' | വാക്കപ്പാറ എൽ.റ്റി. ലൈൻ ഫിറ്റിംഗ് | 229096 | 10000 | - | 10000 |
| '' | നരിവേലി-വട്ടക്കുന്ന് റോഡ്-പോസ്റ്റ് ഫിറ്റിംഗ് | 229125 | 24942 | - | 24942 |
| '' | മാങ്ങാപ്പാറ ഭാഗത്തെ ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ | 229359 | 28067 | - | 28067 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 1225000 രൂപ തിരിച്ചടച്ച് വായ്പ ക്ലോസ്സ് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി | ജി.ഒ.(ആർ.റ്റി)നം.1299/10 എൽ.എസ്.ജി.ഡി./13.4.10 | 1.5കോടി | 1225000 | 1225000 | - | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14, 15, 16, 17 | 2002-03 | 5-9(1) | പൊതുമരാമത്ത് പണി- ചെലവായ തുകയേക്കാൾ കൂടുതൽ പിൻവലിച്ച് പണാപഹരണം നടത്തി. | |
| 1998-99 | | 2003-04 | 3-5-5 | മരാമത്ത് പണികളുടെ നേരിട്ടുള്ള നിർവ്വഹണം | |
| | | 2002-03 | അദ്ധ്യായം-8 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. 15.7.02ലെ എൽ.എഫ്.10763/പി.ടി.1/02 കത്ത് മുഖേന ഡി.ഡി.പി.യെ അറിയിച്ചു. | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70540217 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82999113 |
| വരവിനങ്ങളിലുള്ള നഷ്ടം | 150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 183406 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-5 | 150 | | ശ്രീ.ബൽജിത് ജീവൻ കെ.എസ്., സെക്രട്ടറി |
| 3-2 | | 50000 | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ., സെക്രട്ടറി ഇൻ-ചാർജ്ജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 30712 | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ., അസി.സെക്രട്ടറി |
| 3-4 | 65000 | " |
| 3-7 | 87694 | " |
| ആകെ | 183406 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബൽജിത്ത് ജീവൻ കെ.എസ് | സെക്രട്ടറി | ദേവീ പ്രസാദം, കൊടുവഴന്നൂർ പി.ഒ, പുളിമാത്ത് |
| ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ. | അസി.സെക്രട്ടറി | മൻസിൽ കമാലിയ, പുളിമാവ്, കാഞ്ഞിരപ്പള്ളി പി.ഒ-686507 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 ചെലവ് | L.F.K.P 8/558/02/2.11.02/2.5.03 | | |
| 98-99വരവ് | L.F.K.P 9/985/08/3.7.09 | | |
| 99-00,2000-01, 2001-02 ജനകീയാസൂത്രണം | L.F.K.P .8/880/03/9.7.04/4.9.04 | | |
| 2002-03 ചെലവ് | K.S.A.K.T.M.P/13/1504(2)/15/31.3.16 | | |
| 2002-03 വരവ് | K.S.A.K.T.M.P/13/1504(1)/15/31.3.16 | | |
| 2003-04 | K.S.A.K.T.M.P/13/1504(3)/15/22.3.16 | | |

| | | | |
|---|---|---|---|
| 2004-05 | K.S.A.K.T.M.P/13/1504(4)/15/22.3.16 | | |
| 2005-06 | K.S.A.K.T.M.P/13/1504(5)/15/22.3.16 | | |
| 2006-07 | K.S.A.K.T.M.P/13/1504(6)/15/22.3.16 | | |
| 2007-08 | K.S.A.K.T.M.P/13/695/11/17.9.12/2.10.12 | | |
| 2008-09 | L.F.K.P.13/871/14/8.1.14 | | |
| 2009-10 | L.F.K.P.13/448/14/11.9.14 | | |
| 2010-11, 11-12 | L.F.K.P.13/1187/13/9.10.13/15.11.13 | | |
| 2012-13 | L.F.K.P.1243/14/11.11.14 | | |
| 2013-14 | K.S.A.K.T.M.P.13/1752/15/15.3.16 | | |
| 2014-15 | K.S.A.K.T.M.P.13/960/16/20.7.16 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.**13-1739/2016**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 12.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം